# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 125** **5.12.2014-ന് മറുപടിക്ക്**

## നഗരകാര്യവകുപ്പിന്റെ വിവിധ പദ്ധതികൾ

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| | ശ്രീ. കെ. രാജു<br>„ പി. തിലോത്തമൻ<br>„ വി. ശശി | | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) | നഗരകാര്യ വകുപ്പിന്റെ കീഴിൽ 'പാർട്ട്ണർ കേരള' നിക്ഷേപ സംഗമം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ സംഗമത്തിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; ഈ ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടുണ്ടോ ; | എ) | 2014 ഫെബ്രുവരി 24, 25 തീയതികളിൽ കൊച്ചി ടാജ് ഗേറ്റ്വേയിൽ വച്ച് നിക്ഷേപക സംഗമം നടത്തിയിരുന്നു. കേരളത്തിലെ നഗരസഭകളിലെ നിക്ഷേപ സാധ്യതകൾ നിക്ഷേപകർക്ക് മുമ്പാകെ വിശദമായി അവതരിപ്പിക്കുകയും ഇതിലൂടെ നഗരസഭകളിലെ വികസന പദ്ധതികളിൽ പൊതുസ്വകാര്യ പങ്കാളിത്തം സാധ്യമാക്കുക – എന്നതായിരുന്നു പാർട്ട്ണർ കേരളസംഗമത്തിന്റെ ലക്ഷ്യം. ഈ സംഗമത്തിൽ ഉദ്ദേശം 400-ൽപരം നിക്ഷേപകർ പങ്കെടുക്കുകയും ഇവരുടെ മുമ്പാകെ വിവിധ കോർപ്പറേഷൻ/ നഗരസഭകൾ തയ്യാറാക്കിയ 6400 കോടി രൂപയുടെ 90 പദ്ധതികൾ അവതരിപ്പിക്കുകയും ചെയ്തു. തുടർന്ന് ഈ സംഗമത്തിൽ വച്ച് 104 നിക്ഷേപകർ 4868.79 കോടി രൂപ നിക്ഷേപ സാധ്യതയുള്ള 80 പദ്ധതികൾ നടത്തുന്നത് സംബന്ധിച്ച് തുടർ ചർച്ചകൾ ആകാമെന്ന് ബന്ധപ്പെട്ട നഗരസഭകൾക്ക് ഉറപ്പു നൽകുകയുണ്ടായി. നിലവിൽ ഈ പദ്ധതികൾ നടപ്പിൽ വരുത്തുന്നതിനായി സർക്കാർ പാർട്ണർ കേരളമിഷൻ രൂപീകരിക്കുകയും വിശദമായ പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കുന്ന ഘട്ടത്തിലുമാണ്. |
| ബി) | 'അർബൻ 2020' പദ്ധതി രൂപീകരിക്കുന്നതിന് തുടക്കം കുറിച്ചിട്ടുണ്ടോ ; ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; | ബി) | ഉണ്ട്. നഗരപ്രദേശങ്ങളിലെ പശ്ചാത്തല വികസനരംഗത്തെ പ്രതിസന്ധികൾ ഒഴിവാക്കുക. പ്രധാനമായി ഖരമാലിന്യ സംസ്കരണം, ഗതാഗതം, റോഡ്, പാലങ്ങൾ തുടങ്ങിയവയുടെ വികസനവും നഗരവൽക്കരണവുമാണ് പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| സി) | നഗരാസൂത്രണ മേഖലയിൽ സ്വകാര്യ പങ്കാളിത്തം കൊണ്ടുവരുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ ? | സി) | പൊതു-സ്വകാര്യപങ്കാളിത്ത പദ്ധതികൾ നടപ്പാക്കാമെന്ന് തീരുമാനിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**